# ജാമക്കാരൻ
# JAMAKKARAN

VOLUME - 4 Reg NO.TNBIL/2016/70171 ISSUE - 6
JUNE - 2020 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. **9894261333** **This No. is for SMS Purpose only**



കർത്താവിൽ പ്രിയമുള്ളവരെ നിങ്ങൾക്കു സുഖവും സമാധാനവും, സംരക്ഷണവും കർത്താവ് നല്കട്ടെ എന്ന് ആശംസിക്കുന്നു.

കഴിഞ്ഞ മാർച്ച് മാസം മുതൽ **കൊറോണ വൈറസാൽ** ഉണ്ടായ ബാധിപ്പും, നാശവും ഇനിയും തീർന്നിട്ടില്ല. ഗവൺമെന്റിന്റെ അറിയിപ്പ് ഓരോ ആഴ്ച യിലും വ്യത്യാസമായിക്കൊണ്ടിരിക്കുന്നു. എപ്പോൾ ഈ രോഗാണു മാറും എന്ന് ലോകത്തിലുള്ള ഒരു നാടിനും ഉറപ്പിച്ചു പറയാൻ കഴിയുന്നില്ല.

പല രാജ്യങ്ങൾ ശാസ്ത്രത്തിൽ അഭിവൃദ്ധി പ്രാപിച്ചു മനുഷ്യനെ സൃഷ്ടിക്കുന്ന അളവിൽ വളർന്നു കഴിഞ്ഞു എങ്കിലും ഈ സാധാരണ വൈറസിന്റെ തുടക്കത്തെയും അവസാനത്തെയും കുറിച്ച് ഇതുവരെ അറിയാൻ കഴിഞ്ഞിട്ടില്ല. ലോകത്തിലുള്ള ഒരു ശാസ്ത്രജ്ഞൻമാരുടെയും തലച്ചോറിൽ എത്താൻ കഴിയാത്ത അളവിൽ ഈ വൈറസ് അപകടം നിറഞ്ഞതായിരിക്കുന്നു ശാസ്ത്രജ്ഞൻമാരും, വിദ്യാസമ്പന്നരും തങ്ങളുടെ

ജാമക്കാരൻ JAMAKKARAN

# JUNE - 2020

ബുദ്ധിക്കെത്താത്ത വിഷയമാണിതെന്ന് സമ്മതിക്കുന്നു. മനുഷ്യരാശിയുടെ ബുദ്ധിയ്ക്കതീതമായ എല്ലാറ്റിനും മേലായ ഒരു ശക്തിയുണ്ട്. പരമജ്ഞാനി, പരമവൈദ്യൻ ഒരുവൻ ഉണ്ട്. അഖിലാണ്ഡചരാചരങ്ങളെ സൃഷ്ടിച്ച ഒരു ദൈവം ഉണ്ട് എന്നു സമ്മതിച്ച് ആ ഒരുവൻ യേശുക്രിസ്തുവാണെന്ന് മനസിലാക്കി ലോകനേതാക്കളും, ജനങ്ങളും **യേശുക്രിസ്തുവിനെ** നോക്കി കൈകൂപ്പുമ്പോൾ മാത്രമേ ഈ ക്രൂരമായ വൈറസിന് അവസാനമുണ്ടാകുകയുള്ളു.

- യൂറോപ്യൻ രാജ്യങ്ങൾ ഒന്നിച്ച സമയത്ത് ആ രാജ്യങ്ങൾ തമ്മിൽ ഉണ്ടാക്കിയ കരാറിലൊന്ന് ഒരു രാജ്യത്തിന് പ്രശ്നം വന്നാൽ മറ്റുള്ള യൂറോപ്യൻ രാജ്യങ്ങൾ ചേർന്ന് പരസ്പരം സഹായിക്കണം എന്നുള്ളതാണ്. എന്നാൽ യൂറോപ്യൻ ഐക്യനാടുകളിൽ എല്ലായിടത്തും ഈ കൊറോണാ വൈറസ് ആക്രമണം നടത്തിക്കൊണ്ടിരിക്കുന്നുവല്ലോ? ആർക്കും ആരേയും സഹായിക്കാൻ കഴിയാത്ത അവസ്ഥയാണല്ലോ ഉണ്ടായിരിക്കുന്നത്.

യൂറോപ്യൻ രാജ്യങ്ങളിൽ ഒന്നായ **ഇറ്റലി**ദേശത്തിൽ കൊറോണാ വൈറസിന്റെ ആക്രമണം അധികമായി, **മരണസംഖ്യ** ലോകത്തിലുള്ള മറ്റു രാജ്യങ്ങളെക്കാൾ കൂടുതലായി, ഈ മരണ സംഖ്യ കൂടുന്നതുകണ്ട ഇറ്റലിയുടെ പ്രധാനമന്ത്രി ലോകരാജ്യങ്ങളെ നോക്കി ഞങ്ങളെ സഹായിച്ച് രക്ഷിയ്ക്കണമെന്ന് ടി.വി. യിൽ കണ്ണീരോടെ കരഞ്ഞത് കണ്ട് ലോകരാജ്യങ്ങൾ ഞെട്ടിപ്പോയി.

**അമേരിക്കയുടെ അഹങ്കാരം** മാറി. ലോകത്തിലെ ഏറ്റവും കൂടുതൽ മരണസംഖ്യ അമേരിക്കയുടെ ന്യൂയോർക്ക് സംസ്ഥാനത്തിലാണ് ഉണ്ടായത്. പ്രത്യേകിച്ച് വൃദ്ധസദനത്തിലുള്ളവരും, വൃദ്ധൻമാരുമാണ് കൂടുതലായി മരണമടഞ്ഞത്.

ചൈനയിൽ കൂടുതൽ ജനങ്ങൾ മരിച്ചതിനുശേഷം എങ്ങനെയോ സാധാരണ സ്ഥിതിയിലേക്കു മടങ്ങി വന്നു. എന്നാലും വീണ്ടും കൊറോണയുടെ കളി ചൈനയിൽ മറ്റുള്ള പ്രദേശങ്ങളിൽ വ്യാപിച്ചു തുടങ്ങി.

ലോകത്തിലുള്ള ഓരോ ദേശത്തിലും കർത്താവിനെ കോപപ്പെടുത്തിയ സംഭവങ്ങൾ നിറയെ ഉണ്ട്. ഇങ്ങനെയാണ് മനുഷ്യരാശിയുടെ ആരംഭം മുതലേ

ജനങ്ങൾ അവരുടെ ഇഷ്ടത്തിന് ജീവിച്ച് തങ്ങളെ തന്നെ നശിപ്പിച്ചുകൊണ്ട് ദൈവത്തിന്റെ ഹൃദയത്തെ വേദനിപ്പിച്ചത്. ഉല്പത്തി 6:6–ൽ പറഞ്ഞിട്ടുള്ള തുപോലെ ഈ മനുഷ്യനെ എന്തിനാണോ ഉണ്ടാക്കിയതെന്ന് ദൈവം അനുതപിച്ചു എന്നു കാണാം.

ദൈവത്തിന്റെ ദുഃഖം കോപമായി മാറി മുഴുലോകത്തേയും വെള്ളം കൊണ്ട് **മുക്കി** ഭൂമിയേയും, മനുഷ്യജനത്തേയും നശിപ്പിച്ചു. എന്നാൽ തന്നെ സ്നേഹിച്ച് **ദൈവഭയത്താടെ** ജീവിച്ച ഒരേ ഒരു കുടുംബത്തെ മാത്രം ആദ്യത്തെ ലോകനാശത്തിൽ നിന്നും ദൈവം കാത്തു സൂക്ഷിച്ചു.

വീണ്ടും ജനങ്ങൾ ഭൂമിയിൽ പെറ്റുപെരുകി, തുടർന്ന് ഇന്നുവരെ മനസ്സ് കഠിനമാക്കി ദൈവത്തെ വീണ്ടും, വീണ്ടും വേദനിപ്പിച്ചു കൊണ്ടിരിക്കുകയാണ്.

വേദപുസ്തകത്തിൽ പലതരം കാലങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

1. വേദപുസ്തക ചരിത്രം എഴുതുന്നതിനു മുമ്പുള്ള കാലം
2. മനഃസാക്ഷിയിൻ കാലം
3. ന്യായപ്രമാണ കാലം
4. ന്യായാധിപൻമാരുടെ കാലം
5. രാജാക്കൻമാരുടെ കാലം
6. പ്രവാചകൻമാരുടെ കാലം
7. യേശുക്രിസ്തു ജനിക്കുന്നതുവരെയുള്ള കാലം. ഇരുണ്ടകാലം എന്നു പറയുന്നു.
8. യേശുക്രിസ്തുവിന്റെ **1–ാമത്തെ വരവിന്റെ കാലം** (യേശുക്രിസ്തുവിന്റെ ജനനം)
9. കൃപയിൻ കാലം

പിതാവ് പറയാൻ പറഞ്ഞ ആലോചനകൾ യേശുക്രിസ്തു മനുഷ്യർക്ക് പറഞ്ഞുകൊടുത്തു. ലോകത്തിന്റെ അവസാനത്തെക്കുറിച്ചും, അതിന്റെ അടയാളങ്ങളെക്കുറിച്ചും (മത്താ. 24, മർക്കോ. 14, ലൂക്കോ. 21) പറഞ്ഞ് പിതാവ് തന്നെ ലോകത്തിലേക്ക് അയച്ചതിന്റെ ഉദ്ദ്യേശവും അറിയിച്ചതിനുശേഷം ക്രൂശി

ക്കപ്പെട്ട് രക്തം ചൊരിഞ്ഞ് മരിച്ച് പിതാവിന്റെ പദ്ധതിയെ നിറവേറ്റി തീർത്തു. **മൂന്നാം നാൾ ഉയർത്തെഴുന്നേറ്റ് സ്വർഗ്ഗത്തിലേക്ക്** ആരോഹണം ചെയ്യുന്നതിന് മുമ്പ് താൻ വീണ്ടും **2-ാം പ്രാവശ്യവും ഭൂമിയിലേയ്ക്ക് തിരികെ വരുമെന്നും** ശിഷ്യൻമാർ അതിനുമുമ്പേ സഭയെ ഉണ്ടാക്കി. ആ സഭയെ ങ്ങനെയുള്ളതായിരിക്കണമെന്ന ആലോചനകളും അവരോട് പറഞ്ഞ് **2-ാം വരവിൽ** താൻ സഭയെ ചേർക്കുവാൻ മാത്രം വരും എന്നു അറിയിച്ചു. അപ്പോൾ സഭയിലെ എല്ലാവരും അല്ല, **മാസന്താരപ്പെട്ട്, രക്ഷ പ്രാപിച്ച് ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ** സാക്ഷിയോടും, ഒരുക്കത്തോടും ഇരിക്കുന്നവരെ മാത്രം വിളിച്ചുകൊണ്ടു പോകും. സഭയിലുള്ള മറ്റുള്ളവർ കൈവിടപ്പെടും എന്നെല്ലാം തന്റെ ശിഷ്യൻമാരെ ഉപദേശിച്ച് **പരിശുദ്ധാത്മാവിനെ തനിക്ക് പകരം ലോകത്തിലേക്ക് അയച്ച് സഭയിൽ രക്ഷിക്കപ്പെട്ട്, മാനസാന്തരപ്പെടുന്ന എല്ലാവരുടെ ഉള്ളിലും വസിക്കുവാൻ താൻ പറഞ്ഞപ്രകാരം യേശു അയച്ചു.** ആ പരിശുദ്ധാത്മാവ് സഭയിലുള്ള വിശ്വാസികളെ **സകല സത്യത്തിലും വഴിനടത്തും** എന്ന് അവസാനമായി പറഞ്ഞ് യേശു സ്വർഗ്ഗാരോഹണം ചെയ്തു. അവൻ വാക്ക് പറഞ്ഞ പ്രകാരം (അപ്പോ. 2:1) പരിശുദ്ധാത്മാവിനെ അയച്ചു തന്നു.

- ☐ ഇപ്പോൾ നാം കൃപയുടെ കാലത്തിലാണ് ജീവിക്കുന്നത്. ഈ കൃപയുടെ കാലത്തെക്കുറിച്ച് സഭയിലുള്ള ജനങ്ങളെ ദൈവദാസന്മാർ പ്രബോധിപ്പിച്ചിട്ടും, സഭാജനങ്ങളും ദൈവദാസൻമാരും പലവിധത്തിലും വീണ്ടും വീണ്ടും ദൈവത്തെ കോപപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്.

പുറജാതി ജനങ്ങൾക്ക് ദൈവം തന്റെ ജനത്തെ എങ്ങനെ സ്നേഹിച്ചു എന്നും, എങ്ങനെയെല്ലാം വഴിനടത്തി എന്നതിനെക്കുറിച്ചും ഒന്നും അറിയില്ല. എന്നാൽ വേദവചനത്തെ അറിഞ്ഞ ക്രിസ്തീയ സഭാ വിശ്വാസികൾക്ക് നന്നായിട്ടറിയാം. അങ്ങനെയുള്ള ക്രിസ്തീയസഭ ദൈവം തങ്ങൾക്ക് കൃപയായ് നല്കിയ ജീവിതത്തെ **വേദവചനപ്രകാരം നടത്താതെ** സഭകൾ തങ്ങളിൽ തന്നെ പല പിരിവുകൾ ഉണ്ടാക്കി, അവരവർ തങ്ങൾക്കുതന്നെ

ഉപദേശങ്ങളും ഉണ്ടാക്കി. ദ്രവ്യാഗ്രഹം കൊണ്ടും സഭയിൽ പദവിയ്ക്കായി (സ്ഥാനമാനങ്ങൾക്കായി) തമ്മിലടിച്ച് ചീഫ് പാസ്റ്റർമാർ, ചീഫ് മോഡറെറ്റർമാർ, ബിഷപ്പുമാർ, അച്ചൻമാർ, ഉപദേശിമാർ, വിശ്വാസികൾ എല്ലാവരും യേശുക്രിസ്തുവിന്റെ വചനത്തെ അനുസരിക്കാതെ വചനത്തെ വിട്ട് വഴിമാറി ദൈവത്തെ വീണ്ടും കോപപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

## ദൈവകോപം വീണ്ടും മനുഷ്യരാശിക്ക് എതിരായി മാറി

- ഇപ്പോൾ രൂപം ഇല്ലാത്ത കൊറോണ വൈറസ് മൂലമായി ദൈവം ബാധ അനുവദിച്ചു. ഇപ്പോഴും ക്രിസ്തീയ സഭാ വിശ്വാസികൾക്കും, സഭാ നേതാക്കൻമാർക്കും മാനസാന്തരപ്പെടാൻ താല്പര്യമില്ല. തങ്ങളുടെ പ്രവർത്തികളെക്കുറിച്ച് സ്വയപരിശോധന ചെയ്യാതെ ജീവനിൽ ഭയന്ന് ഇപ്പോൾ പല സ്ഥലങ്ങളിൽ കപട ഭക്തിയോടെ കരഞ്ഞ്, നിലവിളിച്ച് പ്രാർത്ഥിക്കുന്നു. ദൈവം പ്രാർത്ഥിക്കുന്ന വരെയും, പ്രാർത്ഥനായോഗങ്ങളെ നടത്തുന്നവരേയും, അവരുടെ കാപട്യങ്ങളേയും, അവരുടെ ചിന്താഗതികളേയും നന്നായി അറിയുന്നു. മനുഷ്യൻ പുറമേയുള്ളത് നോക്കുന്നു. ദൈവമോ ഹൃദയത്തിന്റെ അന്തരംഗങ്ങളെ അറിയുന്നു.

ഡോ. **പുഷ്പരാജ്**


## ONLINE BANKING (NEFT)

**Dr. M.G.E. PUSHPARAJ, SALEM - 636 005. INDIA**

**STATE BANK OF INDIA** (SALEM-1970)


**A/C No: 10764116842** SWIFT CODE - SBININBB637- 10764116842
IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.** SWIFT CODE - CNRB0001219 -1219101013622.
IFSC CODE - IFSC CNRB0001219- 1219101013622.

# ശങ്കയോടെയുള്ള ശിഷ്യത്വം

ഡോ. തിയോഡർ വില്യംസ



Dr. Theoder Willams

**ഞാനോ നിന്റെ വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു. എന്നാൽ നീ ഒരു സമയം തിരിഞ്ഞുവന്നശേഷം നിന്റെ സഹോദരൻമാരെ ഉറപ്പിച്ചുകൊൾക** (ലൂക്കാ. 22:32).

ശീമോൻ പത്രോസിനോട് ദൈവം കൊടുത്ത പ്രബോധനത്തെക്കുറിച്ച് ലൂക്കോസ് 22–ാം അദ്ധ്യായം 31–34 വരെയുള്ള വാക്യങ്ങളിൽ നമുക്ക് കാണാം. കർത്താവായ യേശുക്രിസ്തു, **ശീമോൻ പത്രോസ് യേശുവിനെ തള്ളിപറയും എന്നു മുന്നറിയിപ്പു കൊടുത്തു.** ഈ ഭാഗത്ത് മൂന്നു പേരെ നമുക്ക് കാണാൻ കഴിയും. 1. സാത്താൻ, 2. യേശു, 3. പത്രോസ്.

ശീമോൻ പത്രോസിന്റെ ജീവിതത്തിൽ ഒരു ബലഹീനത ഉണ്ടായിരുന്നു. അവന്റെ ശിഷ്യത്വം ശങ്കയോടുകൂടിയ ശിഷ്യത്വം ആയിരുന്നു. ഇത് സാത്താന് നന്നായിട്ടറിയാം. നമ്മുടെ ആത്മീയ ജീവിതത്തിലുള്ള കുറവുകളെ ചില സമയത്ത് നമുക്ക് കാണാൻ കഴിയുകയില്ല.

ചില നേരങ്ങളിൽ നാം നമ്മെ തന്നെ വലിയ ആളാണെന്ന് വിലയിരുത്തുന്നു. എന്നാൽ ദൈവം നമ്മെ നന്നായി അറിയുന്നു. സാത്താനും നമ്മെ അറിയുന്നു.

നിന്റെ ജീവിതത്തിൽ നിന്നെക്കുറിച്ച് നീ അധികമായി പ്രശംസിച്ചാൽ നിന്റെ വിശ്വാസം ബാധിക്കപ്പെടും. അതുകൊണ്ട് റോമ. 12:3 –ാം വാക്യത്തിൽ പൗലോസ് പറയുന്നു നിങ്ങളിൽ ആരെങ്കിലും **"ഭാവിക്കേണ്ടതിന് മീതെ**

**ഭാവിച്ചുയരാതെ ദൈവം അവനവനു വിശ്വാസത്തിന്റെ അളവ് പങ്കിട്ടതുപോലെ സുബോധമാകുംവണ്ണം ഭാവിക്കേണം"** നമ്മെക്കുറിച്ച് ഭാവിക്കേണ്ടതിന് മീതെ ഭാവിച്ചാൽ നമ്മുടെ തെളിവായ ചിന്താഗതിയെ നഷ്ടപ്പെടുത്തുന്നു. ഈ അവസ്ഥയിൽ പിശാച് നമ്മെ ആക്രമിക്കുന്നു. ഇതു തന്നെയാണ് പത്രോസിന്റെ ജീവിതത്തിലും നാം കാണുന്നത്. അവന്റെ കുറവുകൾ അവനു തന്നെ മനസിലാക്കാൻ കഴിയാതെ പോയി. മത്താ. 16–ാം അദ്ധ്യായത്തിൽ അവന്റെ കുറവുകളെ കുറിച്ചു കാണാൻ സാധിക്കും. അവന്റെ ശിഷ്യത്വം ശങ്കയുള്ള ശിഷ്യത്വമാണെന്ന് ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാം.

കർത്താവ് : നിങ്ങൾ എന്നെക്കുറിച്ച് എന്തു പറയുന്നു എന്ന് ശിഷ്യന്മാരോടു ചോദിച്ചപ്പോൾ ശീമോൻ പത്രോസ് നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് ഉത്തരം പറഞ്ഞു (മത്താ. 16:16). യേശു അവനെ നോക്കി ബർയോനാ ശീമോനെ നീ ഭാഗ്യവാൻ ജഡരക്തങ്ങളല്ല, സ്വർഗ്ഗസ്ഥനായ പിതാവത്രെ നിനക്ക് ഇത് വെളിപ്പെടുത്തിയത് എന്നു പറഞ്ഞു. അതെ അവന്റെ ശിഷ്യത്വവും അവന്റെ സാക്ഷ്യവും അവന്റെ ഏറ്റുപറയലും അഭിനന്ദിക്കപ്പെട്ടു. എന്നാൽ കർത്താവായ യേശു തന്റെ കഷ്ടപ്പാടുകളെക്കുറിച്ചും മരണത്തെക്കുറിച്ചും സംസാരിക്കാൻ തുടങ്ങിയപ്പോൾ **പത്രോസ് കർത്താവിനെ തനിയെ വിളിച്ചു കൊണ്ടുപോയി കർത്താവേ അത് അരുതെ നിനക്കങ്ങനെ ഭവിക്കരുതേ എന്ന് ശാസിച്ചു തുടങ്ങി** (മത്താ. 16:22).

അവന്റെ ശിഷ്യത്വത്തിൽ **കുരിശിന്** സ്ഥാനമില്ല. ദൈവത്തിന്റെ അത്ഭുതങ്ങളെ ആശയോടെ അവൻ കണ്ടു. ആ അത്ഭുതങ്ങൾ തുടർന്ന് നടന്നുകൊണ്ടിരിക്കണമെന്നവൻ ആഗ്രഹിച്ചു. യേശുവിന്റെ വചനങ്ങളെ അവൻ കേട്ടു. യേശു ആണ് മശിഹാ എന്നവൻ സമ്മതിച്ച് **ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു** എന്നു വായ്കൊണ്ട് ഏറ്റുപറഞ്ഞു. എന്നാൽ ക്രൂശു ചുമക്കേണം എന്നു പറഞ്ഞപ്പോൾ അത് അവൻ ഇഷ്ടപ്പെട്ടില്ല. അവന്റെ ജീവിതത്തിൽ ഇടുക്കവും, ഞെരുക്കവുമായ

വഴിയിലൂടെ ചെല്ലുവാനും, കുരിശു ചുമക്കുവാനും അവൻ ആഗ്രഹിച്ചില്ല. ഇതാണ് അവന്റെ ശിഷ്യത്വത്തിന്റെ കുറവ്.

ദൈവം പത്രോസിനെ നോക്കി **സാത്താനെ എന്നെ വിട്ടു പോ, നീ എനിക്ക് ഇടർച്ചയാകുന്നു. നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രെ കരുതുന്നത് എന്നു പറഞ്ഞു** (മത്താ. 16:23). **സാത്താനെ** എന്നു വിളിച്ചതെന്തുകൊണ്ട്? **സാത്താന് അവൻ ഇടം കൊടുത്തു.** സാത്താൻ യൂദാസിന്റെ ഉള്ളിൽ പ്രവേശിച്ചതുപോലെ പത്രോസിന്റെ ഉള്ളിൽ കടന്നില്ല. അവനെ ആക്രമിച്ചിട്ടുമില്ല. എന്നാൽ അവന്റെ ജീവിതത്തിൽ **സാത്താന് ഇടം കൊടുത്തു**. മനുഷ്യൻ ചിന്തിക്കുന്നതുപോലെ ചിന്തിക്കുമ്പോൾ തന്റെ ചിന്ത മുഴുവനും ദൈവത്തിന് സമർപ്പിക്കാത്ത സമയങ്ങളിൽ ശിഷ്യത്വത്തിൽ ശങ്കയുള്ളവനായി ശീമോൻ പത്രോസ് ഇരുന്നപ്പോൾ സാത്താന് അവസരം കൊടുത്തു.

പൗലോസ് എഫെസ്യർക്ക് എഴുതിയ ലേഖനത്തിൽ 4:27-ൽ **പിശാചിന് ഇടം കൊടുക്കരുത്** എന്നു പറയുന്നു. **സാത്താന്** കാൽ എടുത്തു വയ്ക്കാൻ നാം അല്പം പോലും ഇടം കൊടുക്കരുത്. നമ്മുടെ ചിന്താഗതികളെ ദൈവഹിതത്തിൽ നിന്നും വ്യതിചലിപ്പിക്കുക യാണെങ്കിൽ, ചിന്താഗതികളെ ദൈവത്തിന് സമർപ്പിക്കാതെ ജഢികമായി ചിന്തിക്കാൻ ആരംഭിക്കുമ്പോൾ നാം സാത്താന് ഇടം കൊടുക്കുന്നു. അഥവാ ഇടർച്ച വരുത്തുന്നു. ഇതിനെയാണ് യേശു പത്രോസിനോടു എടുത്തു കാണിച്ചത്. എന്നാൽ ആ സമയത്തും പത്രോസ് ദൈവത്തിന്റെ മുന്നറിയിപ്പിനെ സ്വീകരിച്ചില്ല. നമ്മുടെ ജീവിതത്തിലും പല പ്രാവശ്യം പല വഴികളിലൂടെ ദൈവം നമ്മോടു സംസാരിക്കുന്നു. നമ്മുടെ വീഴ്ചമൂലവും, ചില സാഹചര്യങ്ങൾ മൂലമായും ചില സന്ദർഭങ്ങളിൽ സമീപമായ് വന്ന് നമ്മോട് സംസാരിക്കുന്നു. അവർ സംസാരിക്കുമ്പോൾ നാം കേൾക്കാതെ പോയാൽ പെട്ടെന്ന് നാം വീണു പോകുന്നു. സാത്താൻ നമ്മെ ഗോതമ്പു പോലെ പാറ്റേണ്ടതിന് നാം ഇടം കൊടുക്കുന്നു. (ലൂക്കാ. 22:31,32) ഇതാണ് നാം ശീമോൻ പത്രോസിന്റെ ജീവിതത്തിലും കാണുന്നത്.

അവൻ നേരത്തെ തന്നെ ദൈവത്തിന്റെ മുന്നറിയിപ്പ് സ്വീകരിച്ചിരുന്നെങ്കിൽ ഈ അവസ്ഥ വരികയില്ലായിരുന്നു. ഇപ്പോഴും യേശു അവന് മുന്നറിയിപ്പ് നല്കുന്നു. ഗോതമ്പു പോലെ പാറ്റേണ്ടതിന് സാത്താൻ കല്പന ചോദിച്ചു. എല്ലാ ശിഷ്യൻമാരേയും സാത്താൻ ശോധന ചെയ്യും, മുറം കൊണ്ടു പാറ്റും എന്നു എടുത്തു പറയുന്നു (ലൂക്കാ. 22:31–32) –ൽ ഞാനോ നിന്റെ വിശ്വാസം പൊയ്പോകാതിരിപ്പാൻ നിനക്ക് വേണ്ടി അപേക്ഷിച്ചു. എന്നാൽ നീ ഒരു സമയം തിരിഞ്ഞു വന്നശേഷം നിന്റെ സഹോദരനെ ഉറപ്പിച്ചു കൊൾക എന്നു യേശു പറയുന്നു. എല്ലാവരും പരീക്ഷിക്കപ്പെടും എന്നാൽ ശീമോൻ പത്രോസിന് പ്രത്യേകമായ പ്രാർത്ഥന ആവശ്യമായിരുന്നു. അവന്റെ വിശ്വാസം നഷ്ടപ്പെടാൻ സാധ്യതയുണ്ട്. അതുകൊണ്ട് അവനുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു എന്ന് യേശു പറയുന്നു. ഈ സമയത്ത് ആ മുന്നറിയിപ്പ് അവൻ സ്വീകരിച്ചിരുന്നിരിക്കണം.

എന്നാൽ അവൻ എന്തു പറയുന്നു. 33–ാം വാക്യത്തിൽ കർത്താവേ ഞാൻ നിന്നോട് കൂടെ തടവിലാകുവാനും, മരിപ്പാനും ഒരുങ്ങിയിരിക്കുന്നു എന്നു പറയുന്നു. യേശുവിന്റെ വാക്കുകൾക്കു അവൻ ചെവികൊടുത്തില്ല. തന്നെ തന്നെ വലിയവനെന്ന് ഭാവിച്ചു കൊണ്ട് ദൈവത്തിന്റെ മുന്നറിയിപ്പിനെ സ്വീകരിയ്ക്കാതെ പോയി.

എന്റെ സഹാദരാ, സഹോദരി, നിന്റെ ജീവിതത്തിലും ഇങ്ങനെയുള്ള ആത്മീയ അഹങ്കാരം ഉണ്ടോ? ദൈവത്തിന് മുമ്പിൽ തെറ്റുകളെ സമ്മതിയ്ക്കാതെ നിന്റെ പ്രശംസയേയും, വിശ്വാസത്തേയും, പ്രാർത്ഥനാ ജീവിതത്തെയും കുറിച്ച് മാത്രം നീ സംസാരിക്കുകയും അതിനെക്കുറിച്ചു മാത്രം ചിന്തിച്ചു കൊണ്ടും ഇരിക്കുകയാണോ? അങ്ങനെ എങ്കിൽ നീ വീണുപോകാൻ സാധ്യതയുണ്ട്. സാത്താൻ മുറം കൊണ്ട് പാറ്റാൻ തയ്യാറായിക്കൊണ്ടിരിക്കുന്നു. നാം ജാഗ്രതയോടെ ഇരിക്കേണ്ടത് ആവശ്യമാണ് (മത്താ. 26:35 ൽ). പത്രോസ് നിന്നോടുകൂടെ മരിക്കേണ്ടി വന്നാലും ഞാൻ നിന്നെ തള്ളി പറയുകയില്ല എന്നു പറയുന്നു. 33–ാം വാക്യത്തിൽ എല്ലാവരും നിന്നിൽ ഇടറിയാലും ഞാൻ ഒരുനാളും ഇടറുകയില്ല എന്നുത്തരം പറയുന്നു. തന്നെ മറ്റുള്ളവരോട് സാദൃശ്യപ്പെടുത്തി

അവരെക്കാൾ ശ്രേഷ്ഠനാണെന്ന് പറയുന്നു. ഇതാണ് അവന്റെ വീഴ്ചയ്ക്കും കാരണമായത്. ഈ പാപത്തിൽ നിന്നും ദൈവം നമ്മെ കാത്തുകൊള്ളട്ടെ.

**പ്രാർത്ഥന :**

സ്നേഹമുള്ള കർത്താവെ അങ്ങയുടെ മുന്നറിയിപ്പ് ഞങ്ങളുടെ ജീവിതത്തിൽ വരുമ്പോൾ അത് സ്വീകരിയ്ക്കാനുള്ള മനഃപക്വതയെ ഞങ്ങൾക്ക് തരേണമേ. ഞങ്ങളുടെ കുറ്റങ്ങളെ സമ്മതിച്ച് ഏറ്റുപറഞ്ഞ് നീ ഞങ്ങളിൽ പ്രവർത്തിക്കാൻ ഇടം നല്കാൻ സഹായിക്കേണമേ, ഞങ്ങളെ ശക്തരായ ശിഷ്യൻമാരാക്കേണമേ. യേശുവിന്റെ നാമത്തിൽ അപേക്ഷിയ്ക്കുന്നു. ആമേൻ!

## ജാമക്കാരൻ പ്രസിദ്ധീകരിക്കുവാൻ ഉണ്ടായ താമസം എന്ത്?

പണം ഒരു പ്രശ്നമായിരുന്നില്ല. അച്ചടിശാലകൾ (പ്രിന്റിംഗ് പ്രസ്സ്) അടച്ചിരിക്കുന്നു. ചെന്നൈയിൽ നിന്നും പേപ്പർ പോലുള്ള സാധനങ്ങൾ കൊണ്ടുവരുന്ന പാർസൽ ലോറികൾ ഓടുന്നില്ല, അതുകൊണ്ട് ഇനിയും രണ്ട് മൂന്നു മാസങ്ങൾ ജാമക്കാരൻ താമസിച്ചേ പുറത്തു വരികയുള്ളൂ എന്ന വിവരം അറിയിക്കുന്നു.

## വിദേശത്ത് താമസിക്കുന്ന വായനക്കാർക്ക്

ചില മാസങ്ങളായി വിമാനസർവ്വീസ് ഇല്ലാത്തതുകൊണ്ട് മൂന്നു മാസത്തെ ജാമക്കാരനിൽ നിങ്ങളുടെ വിലാസം ഒട്ടിച്ച് തപാൽ മൂലം അയക്കാൻ കഴിയാതെ വച്ചിരിക്കുന്നു. കമ്പ്യൂട്ടർ ഉള്ളവർ നിങ്ങളുടെ ഇ–മെയിൽ ഐ.ഡി. എനിയ്ക്ക് അയച്ചു തന്നാൽ pdf ഫയൽ അയച്ചു തരാം. അത് പ്രയോജനമായിരിക്കും എന്നു കരുതുന്നു. ഇന്ത്യയിൽ ഉള്ളവരും കമ്പ്യൂട്ടർ, വാട്സാപ്പ് എന്നിവ ഉണ്ടെങ്കിൽ ഈ രീതിയിൽ നിങ്ങൾക്കും ഫയൽ അയച്ചുതരാം.

**ജനനസർട്ടിഫിക്കറ്റിൽ തന്റെ ജനനതീയതി, മാസം, വർഷം തിരുത്തി പറ്റിക്കാൻ ശ്രമിച്ച സി.എസ്.ഐ. ബിഷപ്പുമാർ**


Rt. Rev. Chrisdudass

ഇന്ത്യയിൽ ഏറ്റവും അധികം സഭകൾ ഉള്ള സി.എസ്.ഐ. **തിരുനെൽവേലി ഡയോസിസിൽ ഭൂരിപക്ഷ സഭകൾ** (TDTA) **തിരുനെൽവേലി ഡയോസിസ് ട്രസ്റ്റ് അസോസിയേഷൻ** എന്ന പേരിലും ഏകദേശം 16 സഭകൾ (സി.എസ്.ഐ.) **ചർച്ച് ഓഫ് സൗത്ത് ഇന്ത്യ** എന്ന പേരിലും ബിഷപ്പ് റൈറ്റ്. റവ. **ജെ.ജെ. ക്രിസ്തുദാസ്** അവർകളുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വന്നിരുന്നു.

ബിഷപ്പുമാരുടെ **വിശ്രമ വയസ്സ് 65** –ൽ നിന്നും 67–ആയി ഭേദഗതി വരുത്തുന്ന പദ്ധതിയിൽ അന്നത്തെ മോഡറെറ്ററും സെൻട്രൽ കേരള സി.എസ്.ഐ. ഡയോസിസ് (കോട്ടയം) ബിഷപ്പുമായ **മോസ്റ്റ്.റവ. ഉമ്മൻ കെ. ജോർജ്ജ്** അവർകളോട് ചേർന്ന് ബിഷപ്പ് റൈറ്റ്. റവ. ജെ.ജെ. ക്രിസ്തുദാസ് അവർകൾ കുറുക്കുവഴിയിൽ ഭൂരിപക്ഷ വിശ്വാസികളുടെ എതിർപ്പ് വകവയ്ക്കാതെ വിശ്രമ വയസ്സ് 67 ആക്കി മാറ്റുന്ന നിയമത്തെ (Amendment) ഭേദഗതി ചെയ്ത് നടപ്പിലാക്കി.

അന്നുതൊട്ട് ബിഷപ്പ് ജെ.ജെ. ക്രിസ്തുദാസ് അവർകളെ തിരുനെൽവേലിയിലുള്ള ഒരു സി.എസ്.ഐ. പള്ളിയിലും പ്രത്യേക പരിപാടികളിൽ പങ്കെടുക്കാൻ സഭാജനങ്ങൾ അനുവദിച്ചില്ല.

ഇതിനിടയിൽ തിരുനെൽവേലിയിലുള്ള TDTA സഭകളുടെ പ്രശ്നങ്ങളെ **കോടതി തന്നെ** നേരിട്ട് ഏറ്റെടുത്ത് ജോലിയിൽ നിന്നും വിരമിച്ച ജഡ്ജിമാരെ കൊണ്ട് ഭരണം നിർവ്വഹിച്ചു വരുന്നു. കോടതി പല ഓഡിറ്റർമാരെ നിയമിച്ച് അതാതു സഭകളുടെ അക്കൗണ്ട് കാര്യങ്ങളെയും, പ്രശ്നങ്ങളേയും പഴയ ഭാരവാഹികളുടെ അഴിമതികളെയും കണ്ടുപിടിച്ച് കോടതിയിൽ സമർപ്പിച്ചതിനുശേഷം വിധി പറയാനുള്ള സമയം അടുത്തപ്പോൾ **കൊറോണാ രോഗാണുവിന്റെ ആക്രമണം വന്ന്** അവസാനവിധിയെ ബാധിച്ചു.

ഈ നിലയിൽ ബിഷപ്പ് ജെ.ജെ. ക്രിസ്തുദാസ് അവർകൾ 2020–ാം വർഷം വിരമിക്കാൻ പോകുകയാണ്. ഇങ്ങനെയുള്ള നേരത്താണ് അദ്ദേഹം പഠിച്ച സ്കൂൾ റ്റി.സി. യിൽ അദ്ദേഹത്തിന്റെ ജനനതീയതി 01–04–1952 എന്നുള്ളതിനെ തിരുനെൽവേലി പോലീസ് കമ്മീഷനറിനെ കാണിച്ച് തന്റെ പദവിയിൽ തുടരാൻ വേണ്ടി വ്യാജസർട്ടിഫിക്കറ്റ് തയ്യാറാക്കി **സി.എസ്.ഐ. സിനഡിനെ** പറ്റിച്ചിരിക്കുന്നു. അതുകൊണ്ട് ബിഷപ്പ് അവർകളുടെമേൽ **ക്രിമിനൽ** നടപടി എടുക്കണമെന്ന് **ഡയോസിസിലെ സെക്രട്ടറിയും** നിർവ്വാഹക കമ്മറ്റിയും ചേർന്ന് ബിഷപ്പ് അവർകളുടെ പേരിൽ പരാതി കൊടുത്തിരിക്കുന്നു.

| | | |
|---|---|---|
| School TC Copy | Date of Birth | 01-04-1952 |
| Aadhar Card | Date of Birth | 31-03-1953 |
| 1st Pan Card | Date of Birth | 01-04-1952 |
| 2nd Pan Card | Date of Birth | 31-03-1953 |

## സ്ഥാനമോഹവും ദ്രവ്യാഗ്രഹവും

തിരുനെൽവേലി ബിഷപ്പ് റൈറ്റ്. റവ. ജെ.ജെ. ക്രിസ്തുദാസ് അവർകൾ ഓരോ മാസവും

| | |
|---|---|
| വാങ്ങിയ ശമ്പളം | 1,25,000/– |
| ബിഷപ്പ് ബംഗ്ലാവ്, കാർയാത്ര, ഭക്ഷണചെലവ് | 50,000/– |
| ആകെ മൊത്തം | 1,75000/– |

**ഓരോ മാസവും** 1,75,000/- രൂപ സി.എസ്.ഐ. ഡയോസിസ് സഭാവിശ്വാസികൾ തന്ന സ്തോത്രക്കാഴ്ചയിൽ നിന്നും ചെലവഴിച്ചതായി പറയപ്പെടുന്നു.

**ഇത്ര വലിയ തുകയും സ്ഥാനസുഖവും** മാസാമാസം തുടർന്ന് അനുഭവിക്കാൻ വേണ്ടിയാണ് **മുൻ മോഡറെറ്റർ** മോസ്റ്റ്. റവ. ഉമ്മൻ കെ. ജോർജ്ജ് അവർകൾ മുതൽ പുതിയ മോഡറെറ്റർ വരെയുള്ളവരുടെ ദയവുകൊണ്ട് ശിക്ഷിക്കപ്പെടാതെ വിരമിക്കാൻ അനുവദിക്കപ്പെട്ട റൈറ്റ്. റവ. ക്രിസ്തുദാസ് തന്റെ വിരമിക്കുന്ന വയസിനെ രണ്ട് വർഷം കൂട്ടി, പുതിയനിയമം പാസാക്കിയത്.

ജനനസർട്ടിഫിക്കറ്റ് തിരുത്താൻ വേണ്ടി രണ്ടുപ്രാവശ്യം പാൻ കാർഡ് വാങ്ങാൻ ബിഷപ്പ് ക്രിസ്തുദാസ് അവർകൾ ചിലവിട്ട തുക എത്ര എന്ന് അറിയാമോ? സുമാർ 50,00,000 എന്ന് പറയപ്പെടുന്നു.

ഇതും പോരാതെ **കോളേജ് അഡ്മിഷനിലേക്ക് കൈക്കൂലി, അദ്ധ്യാപക പരിശീലന സ്കൂൾ അഡ്മിഷന്** കൈക്കൂലി, **കോളേജ് പ്രൊഫസർ പദവിക്ക്** കൈക്കൂലി ഇത്തരത്തിലെല്ലാം പല ലക്ഷങ്ങൾ ഇദ്ദേഹം വാങ്ങിക്കൂട്ടിയതായി പറയപ്പെടുന്നു.

ഇങ്ങനെ വാങ്ങിയ പണം - തെറ്റുകളെ മറയ്ക്കാൻ വേണ്ടി, വ്യാജ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കാൻ വേണ്ടി, കോടതിയിൽ വക്കീലുകൾക്ക് കൊടുക്കാൻ വേണ്ടി അങ്ങനെ പല കോടികൾ ചെലവഴിക്കേണ്ടി വന്നു. തെറ്റായി സമ്പാദിച്ച പണം മുഴുവനും, തന്നെ സംരക്ഷിയ്ക്കാൻ വേണ്ടി ചിലവിടേണ്ടി വന്നല്ലോ!

ഇവർക്ക് എല്ലാവർക്കും രാത്രിയിൽ **സമാധാനമായി ഉറങ്ങാൻ കഴിഞ്ഞിട്ടുണ്ടാകുമോ?** സന്തോഷം നഷ്ടപ്പെട്ട്, ദൈവവും അവരെ വിട്ട് മാറി നില്ക്കുമ്പോൾ ഉറ്റവരുടെയും, ബന്ധുക്കളുടെയും, ഡയോസിസിലുള്ള എല്ലാ സഭാജനങ്ങളുടെയും സ്നേഹത്തെ നഷ്ടപ്പെടുത്തി **ഏകനായി നിർത്തപ്പെട്ട**

അവസ്ഥയിലുള്ള മുൻ ബിഷപ്പ് റൈറ്റ് റവ. ക്രിസ്തുദാസ് അവർകളുടെ പരിതാപകരമായ അവസ്ഥ, ഇപ്പോൾ സി.എസ്.ഐ. സഭയിലുള്ള എല്ലാ അച്ചൻമാർക്കും എല്ലാ ബിഷപ്പുമാർക്കും CNI & CSI മോഡറെറ്ററുമാർക്കും ഒരു **പാഠമായി** തീരട്ടെ.

## തിരുനെൽവേലി സി.എസ്.ഐ. ഡയോസിസിലുള്ള സഭാവിശ്വാസികൾക്ക് ഒരു സന്തോഷവാർത്ത

ഇത്രയും വലിയ പ്രശ്നങ്ങൾക്കിടയിൽ രണ്ടായി പിരിഞ്ഞിരുന്ന തിരുനെൽവേലി ഡയോസിസ് ഒന്നുചേരാൻ പോകുന്നു. TDTA എന്നു വിളിച്ചിരുന്ന ഡയോസിസ് പഴയപടി CSI TDTA എന്നു വിളിക്കപ്പെടും.

പിരിഞ്ഞു പോയ CSI ഡയോസിസ് ഇനി ഇവരോട് ചേർന്ന് (CSI TDTA, Church of South India Tirunelveli Diocese Trust Association) എന്നു വിളിയ്ക്കപ്പെടും.

ചെന്നൈ സി.എസ്.ഐ. ഡയോസിസ് മോഡറെറ്ററുടെ നേതൃത്വത്തിൽ ഒന്നിച്ച് പ്രവർത്തിക്കും. അതിനായുള്ള ചർച്ചകൾ നടന്നു കഴിഞ്ഞു. ഇനി സഭകൾ ഒന്നിക്കുന്ന പ്രത്യേക ആഘോഷം സി.എസ്.ഐ. മോഡറെറ്ററുടെ നേതൃത്വത്തിൽ നടക്കാൻ പോകുന്നു. അതിനുശേഷം ഡയോസിസിന്റെ കമ്മറ്റി, ഇലക്ഷൻ നടത്തി **പുതിയ** ബിഷപ്പിനെ തിരഞ്ഞെടുക്കും. ഈ ഒന്നിപ്പിക്കൽ ചില വർഷങ്ങൾക്ക് മുമ്പ് നടക്കേണ്ടതായിരുന്നു.

## Madras C.S.I. Diocese Bishop Dr. Azariah


**Bishop Dr. Azariah**

**ജനനസർട്ടിഫിക്കറ്റും, പാസ്പോർട്ടും തിരുത്തി ഡൽഹി സി.ബി.ഐ. യാൽ പിടിക്കപ്പെട്ട് വിമോചിതനായ ചെന്നൈ സി.എസ്.ഐ. ബിഷപ്പ് മരിച്ച ഡോ. റവ. അസര്യാ അവർകൾ**

പല വർഷങ്ങൾക്കു മുമ്പ് വിദേശയാത്രയുടെ സമയത്ത് **പിടിക്കപ്പെട്ട ബിഷപ്പ് അസര്യായും** വ്യാജസർട്ടിഫിക്കറ്റ് ഉണ്ടാക്കുന്നതിൽ തിരുനെൽവേലി ബിഷപ്പിന് വഴി കാട്ടിയാണ്.

മദ്രാസ് സി.എസ്.ഐ. ബിഷപ്പായിരുന്ന മരിച്ചുപോയ ബിഷപ്പ് അസര്യാ അവർകളും **ജനനതീയതി തിരുത്തുകയും പാസ്പോർട്ടിൽ** കള്ളത്തരം കാട്ടുകയും ചെയ്തതുകൊണ്ട് വളരെ വലിയ ക്രിമിനൽ കേസിൽ കുടുങ്ങി. ബിഷപ്പ് അവർകളെ അറസ്റ്റു ചെയ്യാൻ ഡൽഹിയിൽ നിന്നും സി.ബി.ഐ. അധികാരികളും, പോലീസും വന്ന് തടവിലാക്കി.

അന്നുള്ള, വിരമിച്ച മുൻ മദ്രാസ് സി.എസ്.ഐ. **ബിഷപ്പ് റൈറ്റ്. റവ. സുന്ദർ ക്ലാർക്ക്** അവർകൾ മനസലിഞ്ഞ് ബിഷപ്പ് അസര്യായെ വിടുവിയ്ക്കാൻ തന്റെ രാഷ്ട്രീയ പിൻബലത്തെ ഉപയോഗിച്ച് അന്നത്തെ ഡൽഹി മന്ത്രി മുഖാന്തരം താൻ തിരുത്തിയ വിവരങ്ങളെ നേരെ ആക്കുന്നതുവരെ ബിഷപ്പിനെ ജാമ്യത്തിൽ വെളിയിൽ കൊണ്ടുവന്നു. ബിഷപ്പ് താൻ ശിശുവായിരിക്കുമ്പോൾ തന്റെ മാതാപിതാക്കൻമാർ സ്നാനം കൊടുത്ത ഗ്രാമത്തിലേക്ക് ചെന്ന് അവിടെയുള്ള പള്ളിയിലെ രജിസ്റ്റർ തിരഞ്ഞുപിടിച്ച് എടുത്ത് – അത് വ്യാജമായി തയ്യാറാക്കുന്ന കള്ളൻമാരുടെ കൂട്ടം ഉണ്ട് – അവർക്ക് പല ലക്ഷങ്ങൾ കൊടുത്ത് പഴയകാല പേപ്പർ പോലെ തയ്യാറാക്കി ഡൽഹി അധികാരികളുടെ മുമ്പിൽ സമർപ്പിച്ച് ബിഷപ്പ് വലിയ അപമാനത്തിൽ നിന്നും രക്ഷപ്പെട്ടു.

തിരുസഭകളുടെ നേതൃത്വസ്ഥാനത്തിരിക്കുന്നവർ ഇങ്ങനെയാണെങ്കിൽ അച്ചൻമാർ എങ്ങനെയുള്ളവരായിരിക്കും?

ഇങ്ങനെയുള്ളവരുള്ളതുകൊണ്ടാണ് കൊറോണാ നമ്മുടെ ദേശത്തെ വിട്ടു നീങ്ങാതെയിരിക്കുന്നത്. ഇവരുടെ സാക്ഷ്യമില്ലാത്ത ജീവിതം കൊണ്ടാണ് സാധാരണ ജനങ്ങൾ പോലും വേദന അനുഭവിക്കുന്നത്. അറിഞ്ഞുകൊണ്ട് തെറ്റു ചെയ്യുന്നവന് അധിക അടികൊള്ളും.

**കുറിപ്പ് :**

വടക്കേ ഇന്ത്യയിലെ കോളേജ് വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റിയിൽ ജോലി ചെയ്യുന്ന പ്രൊഫസർമാർ, ഇങ്ങനെയുള്ള പലരും അവരുടെ മാർക്ക്

ലിസ്റ്റും, പഠിച്ച ഡിഗ്രി സർട്ടിഫിക്കറ്റും വ്യാജമാണ് എന്നുള്ളത് പല വർഷങ്ങൾ കഴിഞ്ഞശേഷം കണ്ടുപിടിച്ചത് തമിഴ്നാട്ടിൽ വലിയ ഞെട്ടൽ ഉണ്ടാക്കിയതോടുകൂടെ അത്രപേരുടേയും ജോലി നഷ്ടമായി. പലരും ഇപ്പോൾ തടവിലുള്ളതിനെക്കുറിച്ച് അറിയുന്നു.

എന്നാൽ മറ്റുള്ളവർക്ക് ബുദ്ധി ഉപദേശിക്കുന്ന ബിഷപ്പുമാരും, മോഡറെറ്റർമാരും, അച്ചൻമാരും തന്നെ ഇങ്ങനെയുള്ള കള്ളത്തരം ചെയ്തിട്ട് പ്രസംഗവേദിയിൽ (പുൽപുറ്റിൽ) നിന്നുകൊണ്ട് എങ്ങനെയാണ് പ്രസംഗിക്കുന്നത്? ഇവർ എന്ത് പ്രസംഗിക്കും?

ഇവരുടെ മുമ്പിൽ വന്ന് വിദ്യാർത്ഥി, വിദ്യാർത്ഥിനികൾ പ്രാർത്ഥനക്ക് മുട്ടികുത്തിയാൽ അവരുടെ മേൽ കൈവച്ച് ഏത് വാക്കുകൾ ഉപയോഗിച്ച് പ്രാർത്ഥിക്കും. കോപ്പിയടിച്ച് പരീക്ഷ എഴുതരുത്? പരീക്ഷ എഴുതുമ്പോൾ കള്ളത്തരം ചെയ്യരുത്? പരീക്ഷയിൽ പാസായാൽ മാർക്ക് ലിസ്റ്റ് തിരുത്തി കള്ളത്തരം ചെയ്യരുത്? ഇങ്ങനെയെല്ലാം ഉപദേശിച്ച് കൈവച്ച് പ്രാർത്ഥിയ്ക്കാൻ കഴിയുമോ?

ഇങ്ങനെയുള്ള കള്ള ശുശ്രൂഷകൻമാർ സഭാമക്കളുടെ തലയിൽ കൈവച്ച് പ്രാർത്ഥിച്ചാൽ ആ അനുഗ്രഹ പ്രാർത്ഥന ശാപമായി മാറില്ലെ!

പൗലോസ് പറയുന്നത് ശ്രദ്ധിക്കൂ. **യാതൊരുത്തന്റെ മേലും വേഗത്തിൽ കൈവയ്ക്കരുത്, അന്യൻമാരുടെ പാപങ്ങളിൽ ഓഹരിക്കാരാകുകയും അരുത്; നിന്നെത്തന്നെ നിർമ്മലനായി കാത്തുകൊൾക** (1 തിമൊ. 5:22).

നമ്മെ നിർമ്മലൻമാരായും, പാപം ചെയ്യാത്തവരായും സൂക്ഷിച്ചാൽ മാത്രമേ മറ്റുള്ളവരുടെ തലയിൽ കൈവച്ച് പ്രാർത്ഥിയ്ക്കാൻ യോഗ്യതയുള്ളൂ.

ഇങ്ങനെ **ബിഷപ്പുമാരെ**പ്പറ്റിയും, **മോഡറെറ്റർമാരെ**പ്പറ്റിയും അവരുടെ വലിയ തെറ്റുകളെ ചൂണ്ടിക്കാണിച്ച് ജാമക്കാരന്റെ (കാവൽക്കാരന്റെ) വേലചെയ്യുമ്പോൾ ഡോക്ടർ പുഷ്പരാജ് അവർകൾ **ബിഷപ്പുമാരെ മാത്രം ഉന്നംവച്ച്** അപമാനിയ്ക്കാൻ വേണ്ടി എഴുതുകയാണെന്ന് പ്രത്യേകിച്ച് തെറ്റു ചെയ്യുന്ന ബിഷപ്പുമാർ മാത്രം എന്നെ വെറുത്ത് ദൂഷിക്കുന്നു. അതോടുകൂടെ

ഡോക്ടർ അവർകൾ ജാമക്കാരനിൽ ഇങ്ങനെ എഴുതുന്നതുകൊണ്ട് ബിഷപ്പുമാരായ ഞങ്ങൾക്ക് വലിയ അപമാനമാണ് എന്ന് അവർ പറയുന്നു. എന്നാൽ ഒരു തെറ്റും ചെയ്യാത്ത ബിഷപ്പുമാർക്ക് മനഃസാക്ഷി കുത്തും കുറ്റബോധവും ഉണ്ടാകില്ലല്ലോ!

സി.എസ്.ഐ. സിനഡിലിരുന്ന് റൈറ്റ്. റവ. ക്രിസ്തുദാസ് അവർകളോട് ചേർന്ന് ഞങ്ങളെല്ലാവരും സി.എസ്.ഐ. സിനഡിൽ നിന്ന് പുറത്തു വന്നു. അപ്പോൾ ഞാനും ചിലരും ബിഷപ്പ് ക്രിസ്തുദാസ് അവർകളോട് സംസാരിച്ചു. ഈ വാർത്തകൾ പറയുന്ന ഞങ്ങൾ വേറെ ഡയോസിസിൽ ചേർന്നവരാണ്. അപ്പോൾ ഞങ്ങൾ ബിഷപ്പ് അവർകളോട് താങ്കൾ ചെയ്ത തെറ്റിനെ സമ്മതിച്ചതു കൊണ്ടാണ് മോഡറെറ്റർ അവർകളും സിനഡ് നിർവ്വാഹക സമിതി അംഗങ്ങളായ ഞങ്ങളിൽ ചിലരും റിട്ടേടായ നിങ്ങളുടെ മേൽ സഹതാപം കാണിച്ചതുകൊണ്ട് Forgery Criminal കുറ്റത്തിന് സി.എസ്.ഐ. സിനഡ് നിങ്ങളെ ശിക്ഷിക്കാതെ, നിങ്ങളെ ജയിലിൽ അയക്കാതെ രക്ഷപ്പെടുത്തി. എന്നാൽ ഞങ്ങളുടെ ചോദ്യം എന്തെന്നാൽ നാം ആരാധിക്കുന്ന ദൈവം സകല ഹൃദയത്തെയും അറിയുന്നവനാണ്. അത് നിങ്ങൾ എങ്ങനെ അറിയാതിരിക്കുന്നു. നിങ്ങൾക്ക് ദൈവഭയമില്ലെ? എന്നു ചോദിച്ചു.

അതിന് അദ്ദേഹം ബിഷപ്പുമാരിൽ ആരാണ് യോഗ്യനായിട്ടുള്ളത്? എല്ലാ ബിഷപ്പുമാരുടെ വെട്ടിപ്പും എനിക്ക് നന്നായിട്ടറിയാം. പണം കൈക്കൂലിയായി കൊടുക്കാത്ത ഒരാളെയെങ്കിലും നിങ്ങൾ കാണിച്ചു തരുമോ? ആരെല്ലാം എത്ര പണം കൊടുത്തു. ആരുടെ അടുത്ത് അത് ഏല്പിച്ചു, ഏതു സ്ഥലത്ത് വച്ചാണ് പണം കൈമാറിയത്, ആരെല്ലാം ഈ ബിഷപ്പുമാർക്ക് ആ പദവി ലഭിക്കുവാൻ ഉണ്ടായിരുന്നു എന്നുള്ള രഹസ്യങ്ങൾ എല്ലാം എനിയ്ക്കറിയാം. ഇവൻമാർ എന്നെ ജയിലിൽ അയച്ചിരുന്നെങ്കിൽ ഞാൻ എല്ലാ മാധ്യമങ്ങൾക്കും ഈ വിവരങ്ങൾ അയച്ചിരിക്കും എന്ന് വളരെ ദേഷ്യത്തോടെ പറഞ്ഞതായി അവരെന്നോട് അറിയിച്ചു.

ഇത്ര അപമാനങ്ങളുണ്ടായ ശേഷവും ഈ ബിഷപ്പിന് ഇനിയും ഒരു മാറ്റവും ഉണ്ടായിട്ടില്ലല്ലോ എന്ന് ഞങ്ങൾ ആശ്ചര്യപ്പെട്ടു. ●

# ചോദ്യവും – ഉത്തരവും

**ചോദ്യം :** മാർത്തോമാ പള്ളി വലിയ തിരുമേനി അവർകൾ പറഞ്ഞ സീസൺ പട്ടികളുടെ കഥയെ ഞാനും നിങ്ങൾക്ക് ജനുവരി മാസം എഴുതി അറിയിച്ചിരുന്നു. ഞാൻ അയച്ച ആ വിവരങ്ങളെ ആ മാസം തന്നെ ജാമക്കാരനിൽ പരസ്യപ്പെടുത്താതിരുന്നത് എന്താണ്?

**ഉത്തരം :** നിങ്ങളുടെ കത്ത് വരുന്നതിന് മുമ്പ് പലർ എനിക്ക് ഫോൺ വഴിയായി ആ വിവരങ്ങളെ അറിയിച്ചിരുന്നു. പക്ഷെ ആ വാർത്തകൾ സത്യം തന്നെ ആണോ എന്നറിയാൻ വേണ്ടി ചില മാസങ്ങൾ കാത്തിരുന്നു. നിങ്ങൾ നല്ല ചിന്തയോട് അയച്ച വിവരങ്ങൾക്ക് നന്ദി. അതോടുകൂടെ നിങ്ങൾ അയച്ച പണത്തിനും നന്ദി. പക്ഷെ ഞാൻ പണത്തിന് വേണ്ടി മാസിക നടത്തുന്ന ദൈവവേലക്കാരൻ അല്ല. അതുകൊണ്ടാണ് ആ പണത്തെ ഞാൻ അതുപോലെ തന്നെ നിങ്ങൾക്ക് തിരിച്ചയച്ചത്.

**ചോദ്യം :** മദ്ധ്യകേരള സി.എസ്.ഐ. ഡയോസിസിൽ ഇപ്പോൾ നടക്കുന്ന പ്രശ്നങ്ങളെ കഴിഞ്ഞ വർഷം തന്നെ ഞാൻ നിങ്ങൾക്ക് എഴുതി. ഞങ്ങളിൽ ചിലർ കൂടുതൽ സമ്മർദ്ദം അനുഭവിക്കുന്നു. എപ്പോഴിത് മാറും എന്നു ഞങ്ങൾ ആകാംഷയോടെ കാത്തിരിക്കുന്നു.

**ഉത്തരം :** നിങ്ങൾ എങ്ങനെയുള്ള പ്രശ്നങ്ങളെയാണ് അഭിമുഖീകരിക്കുന്നത് എന്ന വിവരം എഴുതിയിട്ടില്ല. അതുകൊണ്ട് എനിക്ക് വചനത്തിന്റെ

അടിസ്ഥാനത്തിൽ ആലോചന പറയാൻ സാധിച്ചില്ല. എന്നാൽ നിങ്ങളുടെ പ്രശ്നങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നുണ്ട്. ഒരു വലിയ സ്ഥാപനത്തിൽ ദൈവവേലക്കാരനായി നിങ്ങൾ പ്രവർത്തിക്കുമ്പോൾ ബിഷപ്പ് സ്ഥാനത്തുള്ളവർക്ക്, എല്ലാവരേയും തൃപ്തിപ്പെടുത്താൻ സാധിക്കില്ല. എല്ലാവരേയും ഒരേപോലെ നടത്താനും സാധിയ്ക്കില്ല. ഇപ്പോൾ നിങ്ങളുടെ ഡയോസിസിനെ ബിഷപ്പും, ബിഷപ്പ് കൊച്ചമ്മയുമാണ് ഭരിക്കുന്നത് എന്ന് ഞാൻ അറിയുന്നു. ബിഷപ്പ് അവർകൾ സ്ട്രോക്ക് വന്ന് സുഖമില്ലാതെ ഇരിക്കുന്നതുകൊണ്ട് ബിഷപ്പ് കൊച്ചമ്മ അവർകൾ കൂടുതൽ സ്വാധീനിക്കുന്നതായി കേൾക്കുന്നു. ഡയോസിസ് ക്ലർജി സെക്രട്ടറിയും, മറ്റ് രണ്ട് അച്ചൻമാരും ഡയോസിസിലുള്ള ഒരു പ്രധാന വ്യക്തിയും ഇവർക്ക് വലംകൈയ്യായി സഹായിക്കുന്നു ഞാൻ അറിഞ്ഞു. എല്ലാത്തിനും ഒരു അവസാനം ഉണ്ട് എന്ന് വേദപുസ്തകം പറയുന്നു. താങ്കൾ മേലധികാരികളോട് വിനയത്തോടെ നടന്നാൽ ഡയോസിസിന്റെ എല്ലാ ആനുകൂല്യങ്ങളും നിങ്ങൾക്ക് അനുഭവിക്കാം. ഇതിൽ നിങ്ങളുടെ ട്രാൻസ്ഫറും ഉൾപ്പെടുന്നു. 2020–ാം വർഷത്തിന്റെ അവസാനം നിങ്ങളുടെ ബിഷപ്പ് റിട്ടേടാകാൻ പോകുന്നു. അതിനു ശേഷം നിങ്ങളുടെ ഡയോസിസിൽ മുൻ ക്ലർജി സെക്രട്ടറി അച്ചൻ അവർകളും, ഇപ്പോൾ കൊല്ലം കൊട്ടാരക്കര ഡയോസിസിൽ ബിഷപ്പവർകളുമായ ബിഷപ്പാണ് മദ്ധ്യകേരളാ ഡയോസിസിന്റെ ബിഷപ്പ് കമ്മിസറിയാ ചുമതല ഏല്ക്കാൻ പോകുന്നത് എന്ന് ഞാൻ കേട്ടു. അദ്ദേഹം ചുമതല ഏറ്റെടുത്താലും ട്രാൻസ്ഫർ വിഷയത്തിലും അപ്പോയിന്റ്മെന്റ് വിഷയത്തിലും തീരുമാനമെടുത്ത് നിയമം പാസാക്കാൻ സി.എസ്.ഐ. യിൽ ചട്ടമില്ല. പക്ഷെ അദ്ദേഹം വളരെ നല്ല ദൈവമനുഷ്യനാണ് തീർച്ചയായും നിങ്ങളുടെ വിഷയം നിർവ്വാഹക കമ്മറ്റിയിൽ ശുപാർശ ചെയ്യാൻ സാധിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ബാധിക്കപ്പെട്ട നിങ്ങൾ എല്ലാവരും, ടീച്ചർമാരും നിങ്ങൾ ഇരിക്കുന്നിടത്ത് ഉപവസിച്ച് പ്രാർത്ഥിക്കണം. ഞാനും നിങ്ങൾക്കുവേണ്ടി തുടർന്ന് പ്രാർത്ഥിക്കാം.

# അടിയന്തര അറിയിപ്പ്



**Bro. R. STANLY**

ഇന്ത്യയിലെ മിഷനറി പ്രവർത്തനത്തെ പിൻതുണയ്ക്കുന്നവരെ,

കൊയ്ത്തിന്റെ ദൈവത്തിന്റെ നാമത്തിൽ ആശംസകൾ, ഈ സർവ്വ ലോകത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്ന വലിയ നാശനഷ്ടങ്ങളിൽ നിന്ന് സർവ്വശക്തനായ ദൈവം നിങ്ങളേയും, നിങ്ങളുടെ കുടുംബങ്ങളേയും കാത്തു സൂക്ഷിക്കുമാറാകട്ടെ!

ഇന്ത്യയിലെ മിഷനറി സംഘടനകളുടെ പേരിൽ എഴുതുന്ന ഒരു അടിയന്തരപ്രാധാന്യമുള്ള, കത്താണ് ഇത്. എല്ലാവർക്കും ഇത് ഒരു ഞെരുക്കം നിറഞ്ഞ കാലമാണ്. എന്നാലും ജോലിസ്ഥലങ്ങളിൽ, കാണാതെ പോയവരെ സന്ദർശിച്ച് അവരെ അനുഗ്രഹിക്കാൻ വേണ്ടി തങ്ങളുടെ സൗകര്യങ്ങളെ നോക്കാതെ ജീവനെ പണയം വച്ച് മിഷനറി സ്ഥലത്ത് ജോലി ചെയ്യുന്ന മിഷനറിമാർ കൂടുതൽ ബാധിക്കപ്പെട്ടിരിക്കുന്നു. ആരോഗ്യം അല്ലാതെ **സാമ്പത്തിക ബുദ്ധിമുട്ട് എല്ലാ വിഭാഗങ്ങളേയും** അധികമായി ബാധിച്ചിരിക്കുന്നു. ഇവയിൽ ഭൂരിപക്ഷം ബാധിച്ചിരിക്കുന്നത് **മിഷനറി സംഘടനകളെയാണ്.**

നേരത്തെ തന്നെ, നമ്മുടെ പല സ്ഥാപനങ്ങളും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയായിരുന്ന സാഹചര്യത്തിൽ കൊറോണ പകർച്ചവ്യാധി കൂടുതൽ വഷളാക്കി കളഞ്ഞു. മിഷനറികൾ മിഷനറിവേല ചെയ്യുന്ന സ്ഥലത്തുള്ള അവസ്ഥയെക്കുറിച്ച് നേരിട്ടറിഞ്ഞ അറിവോടുകൂടെ

ഈ വരികളെ ആർ. സ്റ്റാൻലി ആയ ഞാൻ എഴുതുന്നു. 1971–മുതൽ 33 വർഷങ്ങൾ BLESSING YOUTH MISSION (BYM) സംഘടനയുടെ ഫൗണ്ടറായി ഭരണം നടത്തി വന്നത് നിങ്ങളിൽ പലർക്കും നല്ലവണ്ണം അറിയാം. ഈ കത്ത് വായിക്കുമ്പോൾ നിങ്ങളോടും, നിങ്ങളുടെ കുടുംബത്തോടും ദൈവം സംസാരിക്കട്ടെ.

നമ്മുടെ മിഷനറി സംഘടനകൾ പലതിനും **ബാങ്ക് ബാലൻസ് എന്നൊന്നില്ല**. അതതുള്ള മാസത്തിൽ കിട്ടുന്ന വരുമാനം അതാതു മാസത്തിലെ ആവശ്യത്തിന് കറക്ടായിരിക്കും. അടുത്തിടെ **ഒരു വലിയ മിഷനറി സ്ഥാപനം** ആ മാസത്തിൽ 10–ാം തീയതിയാണ് മിഷനറിമാർക്ക് ശമ്പളം കൊടുത്തത്. **ക്രിസ്തീയ വീടുകളെ** സന്ദർശിച്ച് കാണിക്ക ശേഖരിച്ച് അയക്കുന്ന **സന്നദ്ധ പ്രവർത്തകരെയാണ്** മാസവരുമാനത്തിന് വേണ്ടി ക്രിസ്തീയ മിഷനറി സ്ഥാപനങ്ങൾ ഭൂരിപക്ഷം ആശ്രയിച്ചിരിക്കുന്നത്. **മിഷനറി പ്രവർത്തനത്തിന് വേണ്ടി പണം ശേഖരിക്കുന്ന പ്രവർത്തകരെ എല്ലാം ദേശീയ ലോക്ഡൗൺ** മുടക്കി കളഞ്ഞു. മാസാമാസം ശമ്പളം മിഷനറിമാർക്ക് എങ്ങനെ അയക്കും എന്ന മനപ്രയാസം സംഘടനാ നേതാക്കൻമാർക്ക് ഇല്ലാതില്ല. **ഏലിയാവ് വെള്ളം കുടിച്ചുവന്ന കെരീത് തോട് വറ്റിപ്പോയില്ലെ? ക്ഷാമകാലത്ത്** അപ്പവും ഇറച്ചിയും കൊണ്ടു വന്ന **കാക്കകൾ** തങ്ങൾ തന്നെ അത് തിന്നുകളായാതെ അത് **ഏലിയാവിന് ഭദ്രമായി കൊണ്ടു വന്നത് എനിക്ക് ആശ്ചര്യമായിരിക്കുന്നു** (1 രാജാ. 17:5–7). ആ ഇറച്ചി കഷണത്തെ **ഒരു പ്രാവ്** കൊണ്ടു വന്നിരുന്നാൽ എനിയ്ക്ക് അത്ര ആശ്ചര്യം ഉണ്ടാകില്ലായിരുന്നു. എന്നാൽ മാംസം കഴിക്കുന്ന കാക്ക അത് എങ്ങനെയാണോ കൊണ്ടുവന്നത്? സ്നേഹിതൻമാരെ ഇങ്ങനെയുള്ള കാലങ്ങളിൽ ദൈവം ഉപയോഗിക്കുന്ന കാക്കകളായി മിഷനറികളെ പോഷിപ്പിക്കുവാൻ ദൈവം നിങ്ങളെ വിളിക്കുന്നു. വേഗമായി തോടു വറ്റിക്കൊണ്ടിരിക്കുകയാണ്. ഏലിയാവിനെ പോലെ ചുറ്റി തിരിയുന്ന മിഷനറിമാർക്ക് ഒരു ഗ്ലാസ് വെള്ളം നിങ്ങളാണ് തരേണ്ടത് (മത്തായി 10:41) നിങ്ങൾ ഒരു വിധവയായിരുന്നാലും തന്റെ ദാസൻമാരെ പരിപാലിക്കാൻ

ദൈവം നിങ്ങളെയാണ് പ്രതീക്ഷിച്ചിരിക്കുന്നത് (1 രാജ. 17:8–9) നിങ്ങളുടെ അടുക്കൽ ഉള്ളത് നിങ്ങളുടെ ആവശ്യങ്ങൾക്ക് മാത്രം ഉള്ളതായിരിക്കാം. അത്രയുമല്ല നിങ്ങൾക്ക് ഇല്ലാതെയും ഇരിക്കാം. നിരാശപ്പെടേണ്ട ആദ്യ അട ദൈവദാസൻമാർക്ക് കൊടുക്കുക. അതിന് ശേഷം നിങ്ങളുടെ ആവശ്യങ്ങൾക്ക് ദൈവം അത്ഭുതം ചെയ്തു കാണാം (വാക്യം 10–16).

തങ്ങളുടെ സ്ഥാപനങ്ങളിൽ നിന്നുവരുന്ന **മാസസഹായ തുകയെ** മാത്രമാണ് ഭൂരിപക്ഷം മിഷനറിമാർ ആശ്രയിച്ചിരിക്കുന്നത്. അവരുടെ കുടുംബങ്ങളിൽ നിന്ന് ഒരു സഹായവും പ്രതീക്ഷിക്കാൻ കഴിയില്ല. മിഷനറി സ്ഥലങ്ങളിൽ **പുതുതായി രൂപീകരിക്കപ്പെട്ട** സഭകളിലെ വിശ്വാസികൾ എല്ലാവരും മിക്കവാറും **മറ്റു മതങ്ങളിൽ** നിന്നും വന്നവരാണ്. അവരിൽ പലരും ഏറ്റവും പാവപ്പെട്ടവരാണ്. പണക്കാരൻമാർ നിറഞ്ഞ സിറ്റി സഭകളെപ്പോലെ അല്ല. ഡായോസിന് അപ്പോസ്തലനായ യോഹന്നാൻ എഴുതിയ ആലോചന ഇവിടെ ഒത്തുപോകും. പ്രിയമുള്ളവരെ നീ അവരെ ദൈവത്തിന് യോഗ്യമാകുംവണ്ണം യാത്രയയച്ചാൽ നന്നായിരിക്കും. തിരുനാമം നിമിത്തമല്ലോ അവർ ജാതികളോട് ഒന്നും വാങ്ങാതെ പുറപ്പെട്ടത്. ആകയാൽ നാം സത്യത്തിന് കൂട്ടുവേലക്കാർ ആകേണ്ടതിന് **ഇങ്ങനെയുള്ളവരെ സൽക്കരിക്കേണ്ടതാകുന്നു** (3 യോഹ. 1:5–8). **തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസത്തിനും കല്യാണത്തിനും വേണ്ടി വലിയ** തുകകളെ മുൻകൂർ പണമായി സ്ഥാപനങ്ങളിൽ നിന്നും വാങ്ങിയതുകൊണ്ട് മിഷനറിമാരുടെ മേൽ കടഭാരം അധികമായിരിക്കുന്നു. അത്യാവശ്യ സാധനങ്ങളുടെ വിലക്കയറ്റം സ്ഥിതിഗതികളെ വളരെ മോശമാക്കിയിരിക്കുന്നു.

ഇന്ത്യയിലെ മിഷനറി സംഘടനകളിൽ പലതും **തെക്കൻ ദേശങ്ങളിൽ** നിന്നും ഉണ്ടായതാണ്. പുതിയതായി പിൻതുണയ്ക്കുന്നവരെ അധികം ചേർക്കാനും, **മിഷനറി പദ്ധതികൾക്ക് പണം ശേഖരിക്കാനും** ഇവർ എല്ലാവരും തങ്ങളുടെ മെയ് മാസ വർഷാന്തര സ്റ്റേറ്റ് ക്യാമ്പുകളെ ആശ്രയിച്ചിരിക്കുകയാണ്. ഇന്നുള്ള കൊറോണാ ലോക്ഡൗൺ സാഹചര്യത്തിൽ ഇങ്ങനെയുള്ള വർഷാന്തര യോഗങ്ങളെ നടത്താനുള്ള

അനുവാദം ഇല്ല. അതുകൊണ്ട് ഈ യോഗങ്ങളെ വിജയകരമായി നടത്താൻ സാധ്യതയില്ല. **മാസിക അച്ചടിക്കുന്നതിലും, വിതരണം ചെയ്യുന്നതിലും ഏർപ്പെട്ട തടസ്സത്തിനാൽ** ദൈവവേലയുടെ അഭിവൃദ്ധിക്ക് അനുകൂലമായിരിക്കുന്ന **മാസികകൾ ഏപ്രിൽ മാസത്തിൽ പുറത്തുവിടാൻ പല സംഘടനകൾക്കും കഴിഞ്ഞില്ല**.

മിഷനറി പ്രവർത്തനത്തെ പിൻതുണയ്ക്കുന്ന ഭൂരിപക്ഷം പേരും **ഇടത്തരവരുമാനം** ഉള്ളവരാണ്. ഇവരിൽ പലരും ആഴ്ചയിലോ, അല്ലെങ്കിൽ രണ്ടാഴ്ചയിൽ ഒരിക്കലോ ശമ്പളത്തെ ആശ്രയിച്ചിരിക്കുന്നവരാണ്. ഇങ്ങനെയുള്ള കുടുംബങ്ങൾ വളരെ പ്രയാസമനുഭവിക്കുന്നു. **മിഷനറികളെ** സഹായിക്കുന്നതിൽ **മുഖ്യ പങ്കു വഹിക്കുന്ന കച്ചവടക്കാരും** കഠിനമായ ബുദ്ധിമുട്ടനുഭവിച്ചു കൊണ്ടിരിക്കുന്നു. എങ്ങനെയായാലും തങ്ങളുടെ കൊടിയ ദാരിദ്രത്തിലും പരിപൂർണ്ണ സന്തോഷത്തോടെ വളരെ ഉദാരമായി കൊടുത്ത **മക്കദോന്യ ക്രിസ്ത്യാനികൾ** നമുക്കു മുമ്പിൽ നിൽക്കുന്നുണ്ട് (2 കൊരി. 8:1–3).

ഞാൻ താഴെ രേഖപ്പെടുത്തിയിട്ടുള്ള ആലോചനകളെ വളരെ ശ്രദ്ധയോടെ ചിന്തിച്ച് നോക്കണം എന്ന് എന്റെ കൂടെയുള്ള ക്രിസ്തീയ വിശ്വാസികളോട് താഴ്മയോടെ അപേക്ഷിക്കുന്നു.

1. ധനസഹായം ചോദിച്ച് സംഘടനയിൽ നിന്നും കത്ത് വരാൻ കാത്തിരിയ്ക്കരുത്. നിങ്ങൾ എപ്പോഴും അയയ്ക്കുന്ന സ്തോത്രക്കാഴ്ച 50% കൂട്ടി ബാങ്ക് മുഖാന്തരം ONLINE TRANSFER ചെയ്യണം. **നിങ്ങളുടെ സേവിംഗ്സിൽ** ഉള്ള പണം എടുക്കാൻ മടികാണിക്കരുത്. നിരന്തര സേവിംഗ്സ് ക്ലോസു ചെയ്തുകൂടെ അയയ്ക്കാം. ഇതുവരെ സുവിശേഷം അറിയാത്തവർക്കും, സഭയിലില്ലാത്തവർക്കും സുവിശേഷത്തെ ചുമന്നുപോകുന്ന മിഷനറിമാരെ സഹായിക്കാതെ, പണം ഉണ്ടായിട്ട് എന്ത് കാര്യം? സഭയിൽ അംഗമാകാത്തവർക്കായി പ്രധാനമായി പ്രവർത്തിക്കാൻ വേണ്ടിയുള്ളതല്ലേ സഭ?

2. **പണം ഇല്ലെങ്കിൽ** നിങ്ങളുടെ **ആഭരണങ്ങളിലൊന്ന്** മിഷനറി പ്രവർത്തനത്തിനായി **വിറ്റുകൂടെ?** ഇന്നത്തെ സ്വർണ്ണാഭരണത്തിന്റെ വിലയനുസരിച്ച് നല്ല വിലകിട്ടുമല്ലോ? ഇങ്ങനെ സ്വർഗ്ഗത്തിൽ നിങ്ങളുടെ നിക്ഷേപങ്ങളെ സ്വരൂപിക്കണം (മത്താ. 19:21, ലൂക്കോ. 12:33-34). **സഹോദരികൾ, തങ്ങളുടെ സ്വത്തിൽ** നിന്നും യേശുവിന് സഹായിച്ചു വന്ന **യോഹന്ന, ശൂശന്ന** എന്നിവരെപ്പോലെ ആകുവിൻ (ലൂക്കോ. 8:3) **തടിച്ച സ്വർണ്ണ ചങ്ങലകളെ** കഴുത്തിലിട്ടുകൊണ്ട് നടക്കേണ്ട, തങ്ങളുടെ കഴുത്ത് കർത്താവിന്റെ വേലയ്ക്ക് വേണ്ടി കൊടുത്തവർക്ക് അവ കാണിക്കയാക്കുക (റോമ. 16:3-4). പ്രിസ്കില്ലയോടു കൂടെ നിന്ന അക്കിലാവിനെപ്പോലെ മിഷനറി പ്രവർത്തനത്തിൽ നിങ്ങളോടുകൂടെ തോൾ കൊടുക്കാനായി നിങ്ങളുടെ ഭർത്താക്കൻമാരെയും ആകർഷിക്കുവിൻ.

3. മിഷനറികളെ സഹായിക്കുന്ന സഭകൾക്കായി ദൈവത്തെ സ്തുതിക്കുന്നു. സഭക്കാരെ, ഇതിൽ തൃപ്തരാകരുത്. നിങ്ങളുടെ സഭയിലെ കാണിക്കയിൽ നിന്നും ഒരു പ്രത്യേക തുക മിഷനറി സംഘടനയ്ക്ക് അയച്ചു കൊടുക്കുക. കൂറ്റൻ കെട്ടിടങ്ങൾ പണിയാൻ വച്ചിട്ടുള്ള തുകകൾ ഇതിനായി ഉപയോഗിക്കുക. ഞാൻ ഇടയ്ക്കിടയ്ക്ക് പറയുന്നതുപോലെ വലിയ വലിയ കെട്ടിടങ്ങൾ കൊണ്ട് ഇന്ത്യ പോലുള്ള രാജ്യത്തിൽ ഇനി വരാനുള്ള കാലത്ത് ഒരു പ്രയോജനവുമില്ല, സുരക്ഷിതത്വവും ഇല്ല. കർത്താവ് വേഗം വരാറായി. അന്തിക്രിസ്തുവിൻ കയ്യിൽ നമ്മുടെ പണം അകപ്പെടാൻ പാടില്ല. തലയായ ക്രിസ്തുവിനാൽ ശാസിക്കപ്പെടാത്ത രണ്ടു സഭകൾ മിഷനറി ചിന്തയുള്ള സഭകളാണ് (വെളി. 2:8-12, 3:7-13) തുടർച്ചയായി മിഷനറിയായ പൗലോസിനെ സഹായിച്ച് അവരുടെ കഷ്ടത്തിൽ അവർക്ക് കൈത്താങ്ങലായ ഫിലിപ്പിയ സഭപോലെ ഇരിക്കുവിൻ (ഫിലി. 4:14-18). ഈ സഭക്കാണ് **എന്റെ ദൈവം നിങ്ങളുടെ ബുദ്ധിമുട്ടൊക്കെയും ക്രിസ്തു യേശുവിൽ പൂർണ്ണമായും തീർത്തു തരും** എന്ന് അപ്പോസ്തലനായ പൗലോസ് ഉറപ്പ് നല്കിയത് (ഫിലി. 4:19). ഇത് നിബന്ധനയോടു

കൂടെയുള്ള വാക്കാണ്. മിഷനറിമാരുടെ കുറവുകളെ നിങ്ങൾ നികത്തിയാൽ നിങ്ങളുടെ കുറവുകളെ ദൈവം തീർത്തു തരും.

4. ഇതുവരെ മിഷനറി സംഘടനയ്ക്ക് നിങ്ങൾ സഹായിക്കാത്തവരായിരുന്നാൽ സംഘടനകളെ സഹായിക്കുന്ന നിങ്ങളുടെ ക്രിസ്തീയ സ്നേഹിതൻമാരുടെ അടുത്ത് ചെന്ന് സംഘടനകളുടെ ബാങ്കിന്റെ വിവരങ്ങളെ അന്വേഷിച്ച് അറിഞ്ഞ് ക്രമമായി മിഷനറി പ്രവർത്തനങ്ങളെ പിന്തുണക്കുന്നവരായി മാറുവിൻ.

ഈ കത്തിൽ ഒരു മൂത്ത സഹോദരനായി (വയസ്സ് 74) ഞാൻ എഴുതി അറിയിച്ചിരിക്കുന്നത് നിങ്ങൾ നിറവേറ്റിയാൽ സ്വർഗ്ഗത്തിൽ വച്ച് നാം കാണുമ്പോൾ എനിക്ക് നിങ്ങൾ നന്ദി പറയും (ഫിലി. 4:3)

ക്രിസ്തുവിന്റെ സ്നേഹത്തോടെ

**സ്റ്റാൻലി**

## ജാമക്കാരന്റെ കുറിപ്പ് :-

മുകളിൽ കുറിച്ചിട്ടുള്ള മിഷനറി സംഘടനകളെക്കുറിച്ചും അതിന്റെ മിഷനറി പ്രവർത്തന സ്ഥലങ്ങളെക്കുറിച്ചും ഞാൻ നേരിൽ ചെന്ന് അറിഞ്ഞതുകൊണ്ട് ഇവർക്ക് ലഭിക്കുന്ന കാണിക്കകളെ ശരിയായ വിധത്തിൽ മിഷനറി പ്രവർത്തനത്തിനായും, മിഷനറികൾക്കായും, മിഷനറി പ്രവർത്തനത്തിൽ സംബന്ധപ്പെട്ട ആദിവാസികളുടെ വിദ്യാഭ്യാസത്തിനായും പല സ്ഥലങ്ങളിൽ ആദിവാസികൾക്ക് മാത്രമായി പ്രവർത്തിക്കുന്ന ഹോസ്പിറ്റലുകൾക്കും മാത്രമാണ് ചിലവു ചെയ്യപ്പെടുന്നത് എന്നുള്ളതിനെക്കുറിച്ച് എനിക്ക് യാതൊരു സംശയവുമില്ലാതെ നന്നായി അറിയുന്നതുകൊണ്ട് മുകളിൽ കാണിച്ചിരിക്കുന്ന മിഷനറി സംഘടനകളെക്കുറിച്ച് ജാമക്കാരൻ വായനക്കാർക്ക് ധൈര്യത്തോടെ ശുപാർശ ചെയ്യുന്നു. മാത്രമല്ല പ്രത്യേകമായി ഈ സംഘടനകളുടെ വരവു ചെലവു കണക്കുകളും ഓഡിറ്റർ റിപ്പോർട്ടും ഓരോരോ വർഷവും അവരവരുടെ മാസികയിൽ പരസ്യപ്പെടുത്തുന്നു.

## നിങ്ങളുടെ ധനസഹായം ആവശ്യപ്പെടുന്ന മിഷനറി പ്രവർത്തന സ്ഥാപനങ്ങളുടെ ബാങ്ക് വിവരം

| | | |
|---|---|---|
| **FMPB CHENNAI** | : Name | : Friends Missionary Prayer Band |
| | Bank | : State Bank of India (SBI) |
| | A/C No. | : 10402752621 |
| | Branch | : Ambattur (Chennai) |
| | IFS Code | : SBIN0000987 |
| | Email | : recelptsfinance@fmpb.org |
| | Whatapp | : 9444396217 |
| **IEM BANGALORE** | : Name | : Indian Evangelical Mission |
| | Bank | : State Bank of India (SBI) |
| | A/C No. | : 10977242162 |
| | Branch | : Bangalore |
| | IFS Code | : SBIN0000813 |
| | Email | : finance@iemoutreach.org |
| | SMS | : 9965747672 |
| **BYM** | : Name | : Blessing Youth Mission |
| | Bank | : State Bank of India (SBI) |
| | A/C No. | : 10977242162 |
| | Branch | : Siruthozhil, Vellore |
| | IFS Code | : SBIN0007274 |
| **TRIBEL MISSION** | : Name | : Dr. K. Muraldhar |
| | Bank | : The Catholic Syrian Bank Ltd. |
| | A/C No. | : 0156-00706354-190001 |
| | Branch | : Perubavoor |
| | IFS Code | : CSBK0000156 |
| | Email | : tribalmission@hotmail.com |
| **VISHVAVANI** | : Name | : Bro. Emil Jaba Singh |
| | Bank | : State Bank of India |
| | A/C Name | : Vishwavani |
| | A/C No. | : 10151750252 |
| | IFC Code | : SBIN0003273 |
| | Branch | : Amanjikarai, Chennai |
| | Email | : vishwavaninet@vishwavani.org |
| | Mob. | : 9444455646 |

ആണ് വിശ്വവാണി രൂപീകരിച്ചത്.

# ദൈവകോപം കത്തിയെരിയുന്നു

**കൊറോണാ** വൈറസ് ലോകമെമ്പാടും പടർന്ന് വലിയ നാശനഷ്ടങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. ലോകജനങ്ങൾ മരിച്ചു വീഴുന്നു. **കൊറോണാ നാശത്തിൽ** നിന്നും രക്ഷിയ്ക്കാൻ **ആരെക്കൊണ്ടും കഴിയുന്നില്ല**. ഈ നാശത്തിന് ശേഷം പുറകേ **വലിയൊരു നാശം പടയെടുത്ത് വന്നുകൊണ്ടിരിക്കുന്നു**. അത് കൃഷിയെ നശിപ്പിക്കുന്ന മരുഭൂമിയിലുള്ള വെട്ടുക്കിളികൾ ആണ്. ഇവ കോടിക്കണക്കിന് പല നാടുകളെ കടന്ന് **ഇന്ത്യയ്ക്കുള്ളിൽ കയറി** കൂടിയിരിക്കുന്നു.

ബൈബിൾ പല വർഷങ്ങൾക്കു മുമ്പു തന്നെ ഇതിനെക്കുറിച്ച് മുന്നറിയിപ്പ് നല്കിയിട്ടുണ്ട് (യോവേൽ 1:2–11) **ദേശത്തിലെ സകലനിവാസികളും ആയുള്ളോരെ ചെവിക്കൊൾവിൻ** ......... തുള്ളൻ ശേഷിപ്പിച്ചത് വെട്ടുക്കിളി തിന്നു. **വെട്ടുക്കിളി** ശേഷിപ്പിച്ചത് **വീട്ടിൽ** തിന്നു. **വീട്ടിൽ** ശേഷിപ്പിച്ചത് **പച്ചപുഴു** തിന്നു....... **വയൽ** ശൂന്യമായി തീർന്നു. **ധാന്യം** നശിച്ചു **എണ്ണ** ക്ഷയിച്ചു പോയിരിക്കുന്നു..... കൃഷിക്കാരെ ലജ്ജിപ്പിൻ.

ആനന്ദം മനുഷ്യരെ വിട്ടു മാഞ്ഞുപോയി. അടുത്ത നാശം പടയെടുത്തു വന്നുകഴിഞ്ഞു. ജീവനെ നശിപ്പിക്കുന്ന **വണ്ടുകൾ, പുതുരൂപത്തിലുള്ള വണ്ടുകൾ** പടയെടുത്തു വന്നുകഴിഞ്ഞു. അത് കടിച്ച ഉടനെ **എലികൾ** ചത്തുപോകുന്നു. മനുഷ്യനെയും തിരഞ്ഞ് അത് വന്നു കഴിഞ്ഞു. **വിദേശ രാജ്യങ്ങളിൽ** കൊറോണാ ലോക്ഡൗൺ കഴിഞ്ഞ് പുറത്തിറങ്ങിയ ജനങ്ങൾ ജീവനെ അപായപ്പെടുത്തുന്ന ഈ വണ്ടുകളെ കണ്ട് **വീടിനുള്ളിൽ ഒളിഞ്ഞിരിക്കുന്നു** (യോവേൽ 1:4–10).

അതുകൊണ്ട് പെട്ടെന്ന് മാനസാന്തരപ്പെട്ട് വിഗ്രഹാരാധന ഇന്ത്യയിൽ നിന്നും നീക്കി ജീവനുള്ള ദൈവമായ യേശുവിന്റെ അടുക്കൽ ചെന്ന് ഉപവാസത്തോട് കരഞ്ഞ് അപേക്ഷിപ്പിൻ. ക്ഷാമം കൊടുമ്പിരികൊണ്ട്, പണം ഉണ്ടായിട്ടും കഴിയ്ക്കാൻ ഭക്ഷണം വാങ്ങാൻ കഴിയാത്ത **സാഹചര്യം വീണ്ടും വരാൻ പോകുന്നു. നമുക്ക് പ്രാർത്ഥിക്കാം.**

## എന്റെ SMS നമ്പർ 9894261333

എന്നോട് ഫോണിൽ സംസാരിക്കാൻ ആഗ്രഹിക്കുന്നവർക്ക് എന്റെ **ഓഫീസ് മൊബൈൽ നമ്പർ 9894261333.** ഈ നമ്പറിൽ എസ്.എം.എസ്. ചെയ്യുകയോ അല്ലെങ്കിൽ മിസ്ഡ് കോൾ ചെയ്യുകയോ ചെയ്താൽ എനിക്ക് സമയം കിട്ടുമ്പോൾ ഞാൻ തന്നെ നിങ്ങളെ വിളിച്ച് സംസാരിച്ച് പ്രാർത്ഥനാ വിഷയങ്ങളെ ചോദിച്ച് അപ്പോൾ തന്നെ നിങ്ങൾക്ക് വേണ്ടി **പ്രാർത്ഥിക്കുന്നതാണ്**. **മറ്റു നമ്പറിൽ വിളിച്ചാൽ കിട്ടാൻ പ്രയാസമാണ്.**

**JUNE - 2020**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.